LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണ പദ്ധതികൾക്കുള്ള തുക

102 [1180] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഗവേഷണ പദ്ധതികൾക്കുള്ള തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ രണ്ട് വർഷമായി വകമാറ്റി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വകമാറ്റി ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയിനത്തിൽ നിന്നും പദ്ധതിയേതര ഇനത്തിലേക്ക് 2002-03 സാമ്പത്തികവർഷത്തിൽ 2,633 കോടി രൂപയും 2003-04 സാമ്പത്തിക വർഷത്തിൽ 3.024 കോടി രൂപയും വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതിയിതര ചെലവുകൾക്കുള്ള തുക അപര്യാപ്തമായതിനാൽ ശമ്പളം, പെൻഷൻ, വേജസ്, വിവിധ ഓഫീസ് ചെലവുകൾ തുടങ്ങി ഒഴിവാക്കാനാവാത്ത പദ്ധതിയേതര ഇനങ്ങൾക്കായി തുക വക മാറ്റി ചെലവഴിക്കേണ്ടിവരുന്നു.

കാർഷികവിളകൾക്ക് ഇൻഷ്വറൻസ്

103 [1181] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി എടുക്കുമോ;

(ബി) വിള ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കർഷകരിൽ നിന്ന് പ്രീമിയം ഈടാക്കാതിരിക്കാൻ ആലോചനയുണ്ടോ;

(സി) കാർഷികവിള ഇൻഷ്വറൻസിനായി എന്ത് തുക പ്രതിവർഷം സർക്കാർ ചെലവാക്കേണ്ടിവരും?

ഉത്തരം

(എ) ഇല്ല. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 വിളകളേയും ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ 6 വിളകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്,

പുകയില എന്നീ വിളകളേയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപോലെ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ നെല്ല്, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, വാഴ, പൈനാപ്പിൾ എന്നീ വിളകളേയും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രധാനപ്പെട്ട എല്ലാ വിളകളേയും മേൽക്കാണിച്ച രണ്ട് ഇൻഷ്വറൻസ് പദ്ധതികളിലും ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് മറ്റുള്ള വിളകളെക്കൂടി ഉൾപ്പെടുത്തേണ്ട ആവശ്യകത ഉണ്ടെന്ന് തോന്നുന്നില്ല.

(ബി) ഇല്ല.

(സി) കാർഷിക വിള ഇൻഷ്വറൻസിനായി പ്രതിവർഷം ഏകദേശം 1.25 കോടി രൂപ ചെലവാക്കേണ്ടിവരും. എന്നാൽ പ്രകൃതിക്ഷോഭംമൂലം വിളകൾക്കുണ്ടാകുന്ന നാശത്തിന്റെ തോതനുസരിച്ചാണ് നഷ്ടപരിഹാരം നൽകേണ്ടി വരിക എന്നതിനാൽ ഇക്കാര്യത്തിൽ പ്രതിവർഷം എന്ത് തുക വേണ്ടി വരും എന്ന് കൃത്യമായി മുൻകൂട്ടി കണക്കാക്കാൻ നിർവ്വാഹമില്ല.

ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള കാർഷിക വിളകൾ

104 [1182] ശ്രീ. സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും കാർഷികവിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതിനെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തികവർഷം ഏതെല്ലാം വിളകൾക്ക് ഇൻഷ്വറൻസ് ഇനത്തിൽ എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ കാർഷികവിളകൾക്ക് അടിക്കടിയുണ്ടാവുന്ന കെടുതികൾ കണക്കിലെടുത്ത് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സന്നദ്ധമാവുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് രണ്ട് വിള ഇൻഷ്വറൻസ് പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയും. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നീ 25 പ്രധാന വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. അതുപോലെ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, വാഴ, പൈനാപ്പിൾ എന്നീ 6 വിളകളേയും ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഈ സാമ്പത്തിക വർഷത്തിൽ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ 3334 കർഷകർക്കായി 93,89,387 രൂപ ഇൻഷ്വറൻസ് ആനുകൂല്യമായി നൽകുകയുണ്ടായി. ബാക്കി തുക നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) ദേശീയ ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly